14028
24/6/17

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 'ശ്രദ്ധ' - സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിന് ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കും നിയമബോധവത്ക്കരണം നൽകി കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.395/2017/സാനീവ തീയതി, തിരുവനന്തപുരം,21.06.2017**

---

പരാമർശം: (1) സാമൂഹ്യനീതി ഡയറക്ടറുടെ 23.05.2017 ലെ എഫ്2-17213/17 നമ്പർ കത്ത്.

(2) 02.06.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ വർദ്ധിച്ച വരുന്ന നമ്മുടെ സമൂഹത്തിൽ അതിനെതിരെ ഒരു വെളിച്ചം തെളിച്ച് സ്ത്രീകളുടെയുടെയും കുട്ടികളുടെയും അവകാശങ്ങളും ജന്മാവകാശങ്ങളാണെന്ന തിരിച്ചറിവുള്ള ഒരു ജനസമൂഹത്തെ വാർത്തെടുക്കുക എന്നതാണ് 'ശ്രദ്ധ' എന്ന പ്രോജക്ടിലൂടെ ഉദ്ദേശിക്കുന്നതെന്നും അതിക്രമങ്ങൾ തടയുന്നതിന് നിരവധി നിയമങ്ങളുണ്ടെങ്കിലും എല്ലാ തട്ടിലുമുള്ള ജനങ്ങളിലേയ്ക്കും ഒരേ കാലയളവിൽ ബോധവത്ക്കരണം നടത്താൻ കഴിഞ്ഞിട്ടില്ലെന്നും നിയമങ്ങൾ നടപ്പാക്കുന്ന വകുപ്പ് എന്ന നിലയിൽ, നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കിയെടുക്കുക എന്ന കർത്തവ്യം കൂടി സാമൂഹ്യനീതി വകുപ്പിനുണ്ടെന്നും ഇതിനായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സേവനദാതാക്കൾ, റസിഡൻഷ്യൽ കോളേജുകൾ, യൂത്ത് ക്ലബ്ബുകൾ തുടങ്ങി വിവിധ മേഖലകളിൽ ബോധവത്ക്കരണം അത്യാവശ്യമാണെന്നും ജില്ലാ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കും റീജിയണൽ തലത്തിൽ ഗാർഹിക പീഡന നിരോധന നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ദ്വിദിന സെമിനാറും റസിഡൻസ് അസോസിയേഷൻ, പൗരസമിതി, യൂത്ത് ക്ലബ്, പാരാലീഗൽ വോളന്റിയർമാർ, മഹിളാ പ്രധാൻ ഏജന്റുമാർ, ആശാവർക്കർമാർ, പ്രേരക് എന്നിവർക്കായി ഏകദിന സെമിനാറും നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ടി ബോധവത്ക്കരണ പരിപാടി നടത്തുന്നതിന് 42,50,000/- രൂപ ചെലവ് വരുമെന്നും പ്രസ്തുത തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-103-68(03)(പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) 02.06.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിന് ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കും നിയമബോധവത്ക്കരണം നൽകി കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതിയായ 'ശ്രദ്ധ' യ്ക്ക് ഭരണാനുമതി നൽകിയും ആയതിലേയ്ക്കാവശ്യമായ 42,50,000/- രൂപ (നാല്പത്തിരണ്ട ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) നടപ്പ സാമ്പത്തിക വർഷത്തെ 2235-02-103-68(03)(പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ലീലാമണി.കെ.എം.**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ